# ലെയ്സ് രുചിക്കൂട്ട് മത്സരം: സമ്മാനം 50 ലക്ഷം

ചെന്നൈ: പെപ്സിയുടെ സ്നാക്സ് ഡിവിഷൻ വിപണിയിൽ എത്തിക്കുന്ന ലെയ്സ് ചിപ്സിനു പുതിയ രുചിക്കൂട്ട് നിർദേശിക്കാം. തിരഞ്ഞെടുക്കപ്പെടുന്ന രുചിക്കൂട്ടിന് 50 ലക്ഷം രൂപയാണു സമ്മാനം.

അടുത്ത വർഷം മേയിൽ വിപണിയിൽ എത്തിക്കുന്ന ഈ ചിപ്സിന്റെ വിൽപനവരുമാനത്തിന്റെ ഒരു ശതമാനവും ജേതാവിനു ലഭിക്കും.

ജനുവരി 31നകം രുചിക്കൂട്ട് നിർദേശിക്കണം. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രചാരത്തിലുള്ള രുചികൾ കണ്ടെത്താൻ കൂടിയാണ് വ്യത്യസ്തമായ മത്സരം ഒരുക്കുന്നതെന്നു പെപ്സി കോ ഇന്ത്യ മാർക്കറ്റിങ് വൈസ് പ്രസിഡന്റ് രുചിര ജയ്റ്റ്ലി പറഞ്ഞു.